"ഭരണഭാഷ മാതൃഭാഷ"

കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി

(ഒരു കേരള സർക്കാർ സ്ഥാപനം)

നമ്പർ : എ1-3682/21/KHRWS

തീയതി : 16.11.2021

കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിലേയ്ക്കായി താഴെ പറയുന്ന യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ക്രമ നം.	തസ്തിക	യോഗ്യത	ഒഴിവുകളുടെ എണ്ണം	ശമ്പളം
1.	അസിസ്റ്റന്റ് എൻജിനീയർ (സിവിൽ)- കണ്ണൂർ	I a) ബി-ടെക് (സിവിൽ എൻജിനീയറിംഗ്) b) അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) വിഭാഗത്തിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം c) പ്രായ പരിധി 40 വയസ്സ് കഴിയരുത് അഥവാ II a) വിവിധ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിൽ കുറയാതെ വിരമിച്ചവർ b) സിവിൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയോ ഡിപ്ലോമയോ ഉള്ളവർ c) പ്രായ പരിധി 59 വയസ്സ് കഴിയരുത് സിവിൽ എൻജിനീയറിംഗിൽ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയം അഭികാമ്യം	1	23,500/- (നിശ്ചിത ശമ്പളം)
2.	അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ)- കോഴിക്കോട്	I a) ബി-ടെക് (ഇലക്ട്രിക്കൽ എൻജിനീയറിംഗ്) b) അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) വിഭാഗത്തിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം c) പ്രായ പരിധി 40 വയസ്സ് കഴിയരുത് അഥവാ II a) വിവിധ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ കുറയാതെ വിരമിച്ചവർ b) ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയോ ഡിപ്ലോമയോ ഉള്ളവർ c) പ്രായ പരിധി 59 വയസ്സ് കഴിയരുത് ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയം അഭികാമ്യം	1	23,500/- (നിശ്ചിത ശമ്പളം)

രജിസ്റ്റേർഡ് ഓഫീസ് : ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം – 695 035
ടെലിഫോൺ : 0471 2306623, ടെലി.ഫാക്സ് : 0471 2304012, ഇമെയിൽ : mdkhrws2018@gmail.com

3	ഓവർസിയർ (സിവിൽ)- തൃശ്ശൂർ	a) ഡിപ്ലോമ സിവിൽ എൻജിനീയറിംഗ് b) ഓവർസിയർ (സിവിൽ) വിഭാഗത്തിൽ 2 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം c) പ്രായ പരിധി 40 വയസ്സ് കഴിയരുത് d) വിവിധ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും ഓവർസീയർ (സിവിൽ) തസ്തികയിൽ കുറയാതെ വിരമിച്ചവർക്കും അപേക്ഷിക്കാം (പ്രായ പരിധി 59 വയസ്സ് കഴിയരുത്) e) സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയം അഭികാമ്യം	1	20,000/- (നിശ്ചിത ശമ്പളം)

മേൽ വിവരിച്ച യോഗ്യതകളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ പ്രസ്തുത അപേക്ഷ 27.11.2021 തീയതി വൈകുന്നേരം 4 മണിക്കു മുൻപായി മാനേജിംഗ് ഡയറക്ടർ, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ആസ്ഥാന കാര്യാലയം, ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം-695035 എന്ന മേൽവിലാസത്തിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യതാ സർട്ടിഫിക്കറ്റുകളുടെയും, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൃത്യമായും ഉള്ളടക്കം ചെയ്തിരിക്കണം. കൂടാതെ അപേക്ഷകരുടെ ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി. എന്നിവ അപേക്ഷയിൽ ഉൾക്കൊള്ളിച്ചിരിക്കണം. അപേക്ഷകൻ ഏത് തസ്തികയിലേക്കാണ് അപേക്ഷിക്കുന്നത് എന്നും, ഏത് റീജിയണിലേക്കാണ് അപേക്ഷിക്കുന്നത് എന്നും അപേക്ഷയിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. മേൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ കൃത്യമായി പാലിക്കാത്ത അപേക്ഷകൾ പൂർണ്ണമായും നിരസിക്കുന്നതായിരിക്കും.

മാനേജിംഗ് ഡയറക്ടർ